പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :5753 27/10/2011-ൽ മറുപടിക്ക്

ഗസ്റ്റ് എഡിറ്റർ തസ്തിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ .കെ .സി ജോസഫ് |
| | ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി |

| ചോദ്യം | മറുപടി |
|---|---|
| (എ) സാംസ്ക്കാരിക വകുപ്പ് സ്ഥാപനമായ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യാനുസരണം എഡിറ്റർമാരും എഡിറ്റോറിയൽ അസിസ്റ്റന്റുമാരും ഉണ്ടായിരിക്കെ 'ഗസ്റ്റ് എഡിറ്റർ' എന്ന തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയ സാഹചര്യം എന്താണ്; നിയമനം നേടിയ ഗസ്റ്റ് എഡിറ്ററുടെ യോഗ്യതയും നിയമനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ സ്വീകരിച്ച നടപടിക്രമവും വിശദീകരിക്കാമോ; | (എ) & (ബി) 30 എഡിറ്റർമാർ ഉണ്ടായിരുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇപ്പോൾ 4 എഡിറ്റർമാർ മാത്രമാണ് ഉള്ളത്.ഭരണ സമിതി നിശ്ചയിച്ച നിരക്കിൽ ഗസ്റ്റ് എഡിറ്റിംഗിനും പ്രൂഫ് റീഡിംഗിനും സ്ക്രിപ്റ്റ് പരിശോധനയ്ക്കും യോഗ്യതയുള്ളവരെ നിയോഗിക്കാറുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന് വെളിയിലുള്ളവരെ എഡിറ്റ് ചെയ്യാൻ ഏൽപ്പിക്കുമ്പോൾ അവരുടെ പേര് ഗസ്റ്റ് എഡിറ്ററായിട്ടാണ് ഗ്രന്ഥത്തിൽ നൽകുന്നത്. എഡിറ്റർമാർ കുറവായതിനാൽ വിദ്യാഭ്യാസ പുസ്തകങ്ങൾ എഡിറ്റ് ചെയ്യാൻ ഡോ. രവിശങ്കർ. എസ്. നായരെയും മഹാന്മാരുടെ ജീവചരിത്ര പുസ്തകങ്ങൾ എഡിറ്റ് ചെയ്യാൻ ശ്രീ.എം. ചന്ദ്രപ്രകാശിനെയും നിയോഗിച്ചിട്ടുണ്ട്. ഗസ്റ്റ് എഡിറ്റർ എന്ന തസ്തിക ഇൻസ്റ്റിറ്റ്യൂട്ടിൽ ഇല്ല. അതിൽ ആരെയും നിയമിച്ചിട്ടില്ല.ഈ ഉദ്യോഗസ്ഥരെ ശമ്പളത്തിനല്ല നിയോഗിച്ചിട്ടുള്ളത്. അവർ ചെയ്യുന്ന ജോലിക്കനുസൃതമായി ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി നിശ്ചയിച്ചിട്ടുള്ള പ്രതിഫലമാണ് നൽകുന്നത്. ഓഫീസിൽ വരുന്ന അവസരങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സൗകര്യമായി ജോലി ചെയ്യാനുള്ള അവസരം നൽകാറുണ്ട്. |
| (ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള ശമ്പളം, ഓഫീസ് മുറി, ഫോൺ എന്നിവ എന്തു മാനദണ്ഡത്തിലാണ് നൽകിയത് ? | |

സെക്ഷൻ ഓഫീസർ